രിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഡി) കേരള സർവ്വകലാശാല കഴിഞ്ഞവർഷവും പുതിയ ബി.എഡ്. ട്രെയിനിംഗ് കോളേജുകൾക്കുവേണ്ടി ശുപാർശ ഒന്നും നൽകിയിരുന്നില്ല.

(ഇ) 1999-2000 അദ്ധ്യയനവർഷത്തേയ്ക്ക് കേരള സർവ്വകലാശാല ബി.എഡ്. ട്രെയിനിംഗ് കോളേജുകൾക്ക് ശുപാർശകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

60 (204) യു.ജി.സി. ശമ്പള സ്കെയിൽ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അദ്ധ്യാപകരുടെ പുതുക്കിയ യു.ജി.സി. ശമ്പള സ്കെയിൽ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്ന് മുതലാണ് യു.ജി.സി. സ്കെയിൽ പുതുക്കി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനുവേണ്ടിവരുന്ന തുകയുടെ എത്ര ശതമാനമാണ് കേന്ദ്രം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കേരളത്തിൽ ഇത് എന്നുമുതലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) 31.3.2000 വരെ അധിക സാമ്പത്തികബാദ്ധ്യതയുടെ 80% നൽകും.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

61 (205) ലക്ചറർ നിയമനം

ശ്രീ. എഴുകോൺ നാരായണൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ഏതെല്ലാം വിഷയങ്ങളിൽ ലക്ചറർ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ലിസ്റ്റിന്റെ കാലാവധി എത്ര വർഷമാണ്;

(സി) മലയാളം, ഹിന്ദി, സംസ്കൃതം, വേദാന്തം, സംസ്കൃത സാഹിത്യം എന്നീ വിഷയങ്ങളിൽ ലക്ചറർമാരായി നിയമിക്കപ്പെടുന്നതിന് നിലവിലുള്ള റാങ്ക് ലിസ്റ്റ് എന്ന് പ്രാബല്യത്തിൽ വന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, മുസ്ലീം എന്നീ വിഭാഗങ്ങളിൽനിന്നും എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത ലിസ്റ്റിൽനിന്നും ഈ വിഭാഗത്തിൽപ്പെടുന്നവരെ നിയമിക്കാൻ ആളില്ലാത്തപക്ഷം ആരുടെ ടേണുകളിൽ ഹൈക്കോടതി വിധി അനുസരിച്ച് മറ്റ് പിന്നോക്ക സമുദായക്കാരെ നിയമിക്കാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്)പ്രസ്തുത ടേണുകളിൽ മറ്റ് പിന്നോക്ക വിഭാഗത്തിലുള്ളവരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്കൃത സർവ്വകലാശാലയിൽ താഴെ വിവരിക്കുന്ന വിഷയങ്ങളിൽ ലക്ചറർമാരുടെ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും അതിലേയ്ക്ക് നിയമനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

സംസ്കൃതം (സാഹിത്യം, വേദാന്തം, ജനറൽ, വ്യാകരണം, ന്യായം) മലയാളം, ഹിന്ദി, ഇംഗ്ലീഷ്, ഉറുദു, ഹിസ്റ്ററി, സോഷ്യോളജി, ജ്യോഗ്രഫി, സൈക്കോളജി, ഫിലോസഫി.

(ബി) യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് ഈ ലിസ്റ്റുകളുടെ കാലാവധി നിശ്ചയിച്ചിട്ടില്ല.

(സി) റാങ്കുലിസ്റ്റുകൾ പ്രാബല്യത്തിൽ വന്ന തീയതി ചുവടെ ചേർക്കുന്നു.

1.	മലയാളം	21.5.98
2.	ഹിന്ദി	"
3.	സംസ്കൃതം-വേദാന്തം	"
4.	സംസ്കൃതം-സാഹിത്യം	"

(ഡി) ഈ റാങ്കുലിസ്റ്റിൽ നിന്നും പട്ടികജാതി, പട്ടികവർഗ്ഗം, മുസ്ലീം എന്നീ വിഭാഗങ്ങളിൽ നിന്നും 7.4.99 വരെ 11 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്.

(ഇ)&(എഫ്) നടപടി സ്വീകരിച്ചു വരുന്നു.

62 (206) ഇംഗ്ലീഷ് അദ്ധ്യാപകരുടെ നിയമനം

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നത് മറ്റ് വിഷയങ്ങളിൽ ബിരുദമുള്ള ട്രെയിനിംഗ് കഴിഞ്ഞിട്ടുള്ളവരാണ് എന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇംഗ്ലീഷ് അദ്ധ്യാപകരുടെ നിയമനത്തിന് ഇംഗ്ലീഷിൽ ബിരുദവും ബി.എഡും. ഉള്ളവരെ മാത്രമായി പരിഗണിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർദ്ദേശം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly